(ഐ) 16-6-2004 വൈകുന്നേരം 3.30-ന് ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം.എൽ.എ.-മാർ, ഉദ്യോഗസ്ഥൻമാർ എന്നിവരെ വിളിച്ച് മേൽപ്പറഞ്ഞ പോളിടെക്നിക്കിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്തു. വിശദമായ ചർച്ചക്കുശേഷം പോളിടെക്നിക്കിന് കെട്ടിടം പണിയാൻ മതിയായ പണം സപ്ലിമെന്ററി ബഡ്ജറ്റിൽ വകയിരുത്തുവാൻ നടപടി എടുക്കുവാനും, ഇക്കാര്യം കാബിനറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാനും തീരുമാനിച്ചു.

എ.ഐ.സി.ടി.ഇ. നിർദ്ദേശിക്കുന്ന സൗകര്യങ്ങൾ ഒരുക്കി പോളിടെക്നിക്കുകൾ നിലനിർത്താൻ നടപടി

129 [1539] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതാനും പോളിടെക്നിക്കുകളിൽ ഈ അദ്ധ്യയന വർഷം അഡ്മിഷൻ നടത്തേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) എ.ഐ.സി.ടി.ഇ. നിർദ്ദേശിക്കുന്ന സൗകര്യങ്ങൾ ഒരുക്കി പ്രസ്തുത പോളിടെക്നിക്കുകൾ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.ഒ. (ആർ‌ടി.) നമ്പർ 524/04/ഉ.വി.വ. തീയതി 6-4-2004 പ്രകാരം 10 പോളിടെക്നിക്കുകളിലെ 2004-2005 അദ്ധ്യയനവർഷത്തെ ഒന്നാം വർഷ പ്രവേശനം എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരത്തിന് വിധേയമായിരിക്കുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 2004-2005 വർഷത്തേക്ക് 4 പോളിടെക്നിക് കോളേജിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചു. എ.ഐ.സി.ടി.ഇ.-യുടെ നിബന്ധനപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലാണ് ഇതു വേണ്ടിവന്നത്.

(ബി) 16-6-2004 വൈകുന്നേരം 3.30-ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിൽ ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം.എൽ.എ.-മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുതലായവരുടെ യോഗത്തിൽ മേൽപ്പറഞ്ഞ 10 പോളിടെക്നിക്കുകളുടെ ഇപ്പോഴത്തെ നിലവാരത്തെക്കുറിച്ച് ചർച്ച നടന്നു. വിശദമായ ചർച്ചയ്ക്ക് ശേഷം പോളിടെക്നിക്കുകൾക്ക് കെട്ടിടം പണിയാൻ മതിയായ പണം വകയിരുത്തുവാൻ നടപടിയെടുക്കുവാനും, ഇക്കാര്യം കാബിനറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാനും പോളിടെക്നിക്കുകളിൽ അഡ്മിഷനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 25-6-2004 വരെ നീട്ടാനും എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം ലഭിക്കാത്ത മുകളിൽ പറഞ്ഞ 6 പോളിടെക്നിക്കുകളിൽ ഒരു വർഷംകൂടി പ്രവേശനം നേടാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly